**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2849** **06-10-2025 - ൽ മറുപടിയ്ക്ക്**

**തിരുവിതാംകൂർ ദേവസ്വം ബോർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നിലവിലെ ഭരണ സമിതി നിലവിൽ വന്നതെന്നാണെന്നും പ്രസ്തുത ഭരണ സമിതിയുടെ കാലാവധി എന്നുവരെയാണെന്നും കാലാവധി ദീർഘിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ; | (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഭരണ സമിതിയ്ക്കുള്ള കാലാവധി നിശ്ചയിച്ചിട്ടില്ല.<br><br>നിലവിലെ മെമ്പർമാരുടെ കാലാവധി ചുവടെ ചേർക്കുന്നു:-<br><br>പ്രസിഡന്റ് അഡ്വ. പി.എസ്. പ്രശാന്ത് - 14/11/2023 മുതൽ 13/11/2025 വരെ.<br><br>മെമ്പർ അഡ്വ. എ. അജികുമാർ- 14/11/2023 മുതൽ 13/11/2025 വരെ.<br><br>മെമ്പർ അഡ്വ. പി.ഡി. സന്തോഷ് കുമാർ- 15/07/2025 മുതൽ 14/07/2027 വരെ. |
| (ബി) | ആഗോള അയ്യപ്പ സംഗമവുമായി ബന്ധപ്പെട്ട് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്രതിനിധികൾക്ക് ഉണ്ടായിരുന്ന ചുമതലകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) | ആഗോള അയ്യപ്പ സംഗമവുമായി ബന്ധപ്പെട്ട് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്രസിഡന്റും രണ്ട് മെമ്പർമാരും പ്രതിനിധികളായല്ല, നടത്തിപ്പുകാരായാണ് പങ്കെടുത്തത്. |
| (സി) | ആഗോള അയ്യപ്പ സംഗമവുമായി ബന്ധപ്പെട്ട് സ്പോൺസർഷിപ്പ് ലഭിച്ച തുകയുടെയും ആകെ ചെലവഴിച്ച തുകയുടെയും വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ? | (സി) | ധനലക്ഷ്മി ബാങ്ക്, കേരള ബാങ്ക്, മറ്റ് വിവിധ സ്ഥാപനങ്ങൾ വാഗ്ദാനം ചെയ്ത സ്പോൺസർഷിപ്പ് തുക ശേഖരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ